(10) കുഴൽമന്ദം മണ്ഡലത്തിലെ കുത്തന്നൂർ ഹൈസ്ക്കൂളിൽ വൊക്കേഷണൽ ഹയർ സെക്കണ്ടറി കോഴ്സ് ആരംഭിക്കണമെന്ന ആവശ്യം

ശ്രീ. എ. കെ. ബാലൻ: സർ, വിദ്യാഭ്യാസപരമായി വളരെ പിന്നോക്കം നിൽക്കുന്ന ഒരു പ്രദേശമാണ് പാലക്കാട് ജില്ലയിലെ കുഴൽമന്ദം അസംബ്ലി 11.00 A.M.] മണ്ഡലം. 9 ഗ്രാമ പ്രദേശങ്ങളാണ് അവിടെയുള്ളത്. പട്ടികജാതി-പട്ടികവർഗ്ഗ-പിന്നോക്ക വിഭാഗങ്ങളാണ് അവിടെയുള്ളത്. ഒരൊറ്റ കോളേജുപോലും ആ മണ്ഡലത്തിലില്ല. ഒരു വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്ഥാപനം കുന്നത്തൂർ സ്ക്കൂളിൽ കിട്ടിയാൽ വളരെ ഉപകാരമായിരുന്നു. 1800-ഓളം വിദ്യാർത്ഥികൾ അവിടെ പഠിക്കുന്നുണ്ട്. തൊഴിൽപരമായും സാങ്കേതികപരമായും പുരോഗതിയുണ്ടാ കുന്നതിന് ഇത് വളരെ സഹായകരമാകും. ബഹുമാനപ്പെട്ട മന്ത്രി ഇക്കാര്യത്തിൽ ഒരു പ്രത്യേക പരിഗണന കാട്ടണമെന്നാണ് ഞാൻ അഭ്യർത്ഥിക്കുന്നത്. മുമ്പ് ഞാൻ ധനകാര്യ വകുപ്പുമന്ത്രിക്ക് ഇതു സംബന്ധിച്ച് ഒരു കത്തുകൊടുത്തിരുന്നു. അവിടെ ഒരു എ. ഇ. ഓഫീസുണ്ട്. അവിടെ പ്യൂണില്ല, സൂപ്രണ്ടില്ല, ആരുമില്ല, എ. ഇ. ഒ. മാത്രമാണുള്ളത്. പ്യൂണിന്റെ പണിയും സൂപ്രണ്ടിന്റെ പണിയും ക്ലാർക്കിന്റെ പണിയും അദ്ദേഹം തന്നെയാണ് ചെയ്യുന്നത്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി *(ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ):* സർ, കുഴൽമന്ദം മണ്ഡലത്തിലെ കുന്നത്തൂർ ഹൈസ്ക്കൂളിൽ ഒരു വൊക്കേഷണൽ ഹയർ സെക്കണ്ടറി കോഴ്സ് ആരംഭിക്കണമെന്ന ശ്രീ. എ. കെ. ബാലന്റെ ആവശ്യം തീർച്ചയായും പരിഗണിക്കുന്നതാണ്. കേന്ദ്രഗവൺമെന്റിലേക്ക് ഇക്കാര്യം എഴുതിയിരിക്കുകയാണ്. 100 പുതിയ സ്ക്കൂളുകളും നിലവിലുള്ളവയിൽ 200 പുതിയ കോഴ്സുകളും തരാമെന്ന് കേന്ദ്രഗവൺമെന്റ് സമ്മതിച്ചിട്ടുണ്ട്. പാലക്കാട് ജില്ല വളരെ പിന്നോക്കം നിൽക്കുന്ന ഒരു പ്രദേശമാണെന്ന് ബോദ്ധ്യമുണ്ട്. അതുകൊണ്ട് അത് കിട്ടുന്ന സമയത്ത് ശ്രീ. എ. കെ. ബാലൻ ഉന്നയിച്ച കാര്യത്തിന് മുൻഗണന കൊടുക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly